ബോധിവൃക്ഷത്തണലിൽ 24/11/2017

# മനുഷ്യനും മൽസരബുദ്ധിയും

**സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി**

**(ഓർഗനൈസിംഗ് സെക്രട്ടറി, ശാന്തിഗിരി ആശ്രമം)**

മനുഷ്യന് മൽസരബുദ്ധി കൂടുതലാണ്. മനുഷ്യന്റെ മൽസര ബുദ്ധി യുദ്ധങ്ങൾക്കും കലാപങ്ങൾക്കും വഴിവച്ച എത്രയോ സംഭവങ്ങളുണ്ട്. എന്നാൽ അനാവശ്യമായ മൽസരങ്ങൾ ഒഴിവാക്കിയാൽ നമുക്ക് കൈയെത്തിപ്പിടിക്കാവുന്ന നേട്ടങ്ങൾ വളരെ വലുതാണ്. അന്യ രാജ്യത്തിന്റെ കേവലം ചെറിയൊരു ദ്വീപിനു വേണ്ടി, അതല്ലെങ്കിൽ ഒരു പർവ്വത നെറുകയ്ക്കു വേണ്ടി ഒക്കെ യുദ്ധം ചെയ്യാൻ രാജ്യങ്ങൾക്ക് മടിയില്ല.

ഇത് ഇന്നത്തെ അവസ്ഥയാണെങ്കിലും മൂന്നൂറ് വർഷങ്ങൾക്ക് മുമ്പേ ഇക്കാര്യം നുറുങ്ങു കഥയായി എഴുതിയ ഫ്രഞ്ച് കഥാകൃത്താണ് ജീൻ ദ ലാ ഫൊണ്ടെയ്ൻ.

അദ്ദേഹത്തിന്റെ ഒരു കഥയിതാ: ~ഒരിക്കൽ രണ്ട് കള്ളൻമാർ ചേർന്ന് മോഷ്ടിക്കാൻ തീരുമാനിച്ചു. ആദ്യരാവിൽ തന്നെ അവർക്ക് തടഞ്ഞത് ഒരു കർഷകന്റെ ആടിനെയായിരുന്നു. ആടിനെ ഇരുവരും ചേർന്ന് താങ്ങിയെടുത്ത് നടന്നു തുടങ്ങി. പകുതി ദൂരമെത്തിയപ്പോൾ തന്നെ ആടിനെ പങ്കുവയ്ക്കുന്നതിനെ ചൊല്ലി ഇരു മോഷ്ടാക്കളും തർക്കം തുടങ്ങി. തർക്കം മൽസരമായി, കയ്യാങ്കളിയായി. ഇതിനിടെ അതു വഴി കടന്നു വന്ന മൂന്നാമതൊരു മോഷ്ടാവ് ആടിനെ തന്റെ ചുമലിലെടുത്തു കൊണ്ട് ഓടിപ്പോയി.

ഫൊണ്ടെയ്ൻ പറയുന്നതിങ്ങനെ: ആട് എന്നത് കൊണ്ട് ഞാൻ ഉദ്ദേശിച്ചത് പതിതരാജ്യങ്ങളെയും പ്രവിശ്യകളെയുമാണ്. മോഷ്ടാക്കളെന്നത് രാജ്യം ഭരിക്കുന്ന രാജാക്കന്മാരും. അധികാരത്തിനായി ആസ്ട്രിയയും തുർക്കിയും ഹങ്കറിയും തമ്മിലടിക്കുമ്പോൾ നമുക്ക് നമ്മെത്തന്നെ നഷ്ടമാവുന്നു. സമ്പത്തും സമൃദ്ധിയുമെല്ലാം കൊള്ളയടിക്കപ്പെടുന്നു. ഒടുവിൽ ആർക്കും ഒന്നും ഇല്ലാതാവും - കവി ഓർമ്മിപ്പിക്കുന്നു.

എല്ലാ തുറയിലും മൽസരബുദ്ധി വളരുന്ന കാലമാണിത്. വിദ്യാഭ്യാസം പോലും കമ്പോളച്ചരക്കായിരിക്കുന്ന കാലത്ത് വിദ്യാഭ്യാസ സ്ഥാപനങ്ങളും ആരോഗ്യ സേവനമേഖലയും എല്ലാം ഒരു മൽസരബുദ്ധിയോടെയാണ് നിലകൊള്ളുന്നത്. മാൽസര്യം ആത്യന്തികമായി ഉപഭോക്താക്കൾക്ക്

ഉപകാരപ്പെടും എന്നൊക്കെയാണ് ഏട്ടിൽ പറയുന്നത്. എന്തായാലും സേവന ദാതാക്കളും സ്ഥാപനങ്ങളുമൊക്കെ തമ്മിൽ മൽസരിക്കുമ്പോൾ സമൂഹത്തിന് ലഭിക്കേണ്ട യഥാർത്ഥ ഗുണം മറ്റാരെങ്കിലും തട്ടിയെടുക്കാതിരിക്കാൻ പ്രത്യേക ജാഗ്രത വേണ്ടിയിരിക്കുന്നു.